IVO-5/32/2023

പ്രേഷകൻ

അനിൽകുമാർ.പി
ഇൻറേണൽ വിജിലൻസ് ഓഫീസർ,
തദ്ദേശ സ്വയം ഭരണ വകുപ്പ്,
കണ്ണൂർ.

സ്വീകർത്താവ്

ശ്രീ.പട്ടാളി സുബീഷ്
ആശ്വാസം
കുനിത്തല, പേരാവൂർ

സർ,

വിഷയം:: പേരാവൂർ പഞ്ചായത്ത് കെട്ടിട നമ്പർ അനുവദിക്കാത്തത് - സംബന്ധിച്ച്.

സൂചന: പേരാവൂർ നിയോജക മണ്ഡലം നവകേരള സദസ് അപേക്ഷ നമ്പർ - KNR0150903

.................................

മണത്തണ വില്ലേജിൽ റി.സർവ്വെ നമ്പർ 91/2 44ൽ പ്പെട്ട .0060 ഹെക്ടർ സ്ഥലത്ത് ഗ്രൗണ്ട് ഫ്ളോർ 36.30M, ഫസ്റ്റ് ഫ്ളോർ 36.30M ആകെ 72.60 M സ്ഥല വിസ്തീർണ്ണത്തിൽ കെട്ടിട നിർമ്മാണത്തിന് എ3 5840/16 - ബിഎ 176/16-17 തീയ്യതി: 22/09/2016 ൽ ശ്രീ.പട്ടാളി സുബീഷ് എന്നവർക്ക് പേരാവൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി പെർമിറ്റ് അനുവദിക്കുകയും പിന്നീട് 29/01/2020 ന് പെർമിറ്റ് കാലാവധി 21/09/2024 വരെ ദീർഘിപ്പിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

കെട്ടിട നമ്പറിന് അപേക്ഷിച്ചപ്പോൾ 2011 KPBR ചെറു പ്ലോട്ടിൽ കെട്ടിടങ്ങൾക്കുള്ള ആനുകൂല്യ പ്രകാരം ഗ്രൂപ്പ് എഫി ൽ പെർമിറ്റ് നൽകിയതിന്റെ സമ്മതപ്രകാരം ചേർത്തെടുത്ത വശത്ത് ഭിത്തി വരുന്ന ഭാഗത്ത് ആ ഭിത്തിയോട് ചേർന്ന് ഒറ്റ കെട്ടിടം എന്ന പോലെ തൊട്ടടുത്ത സ്ഥല ഉടമ കെട്ടിടം നിർമ്മിച്ചതിനാൽ സൈഡ് യാർഡ് ലഭ്യമല്ലാത്തതിനാൽ പേരാവൂർ പഞ്ചായത്തിൽ നിന്നും കെട്ടിട നമ്പർ അനുവദിച്ചിരുന്നില്ല.

പിന്നീട് 24/05/2022 ൽ നടന്ന ജില്ലാ അദാലത്തിൽ ടി അപേക്ഷ പരിഗണിക്കുകയും 2019 KPBR ചട്ടം 50 പ്രകാരം ( ചെറുപ്ലോട്ടുകളിലുള്ള നിർമ്മാണങ്ങൾക്കുള്ള പ്രത്യേക വ്യവസ്ഥകൾ ) വിഭജിക്കപ്പെട്ട ചെറു പ്ലോട്ടുകളുടെ പരസ്പര സമ്മതത്തോടെയുള്ള നിർമ്മാണത്തിന് ചെറുപ്ലോട്ടുകൾക്കുള്ള വ്യവസ്ഥകൾ ബാധകമാവുന്നതല്ല എന്ന് ജില്ലാതല അദാലത്തിൽ തീരുമാനിച്ചിരുന്നു. ആയതിനാൽ KPBR 2019 ചട്ടം 50 ൽ ആവശ്യമായ ഇളവുകൾ ലഭിക്കാൻ Appendix N പ്രകാരം അപേക്ഷ സമർപ്പിക്കാവുന്നതാണ്.

വിശ്വസ്തതയോടെ

(ഒപ്പ്)

കണ്ണൂർ
13/01/2024

അനിൽകുമാർ.പി
ഇൻറേണൽ വിജിലൻസ് ഓഫീസർ,
തദ്ദേശ സ്വയം ഭരണ വകുപ്പ്,
കണ്ണൂർ.